II ഇ.ബി. XI-കേരള നിയമസഭ/V9

# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ – സംഗ്രഹം

2003 ഫെബ്രുവരി 20, വ്യാഴം

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

59 (*237) ജനകീയാസൂത്രണത്തിലെ ക്രമക്കേടുകൾ

തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) നൽകിയ മറുപടിയിൽ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ ജനകീയാസൂത്രണ പദ്ധതിയിൽ ആഡിറ്റുപ്രകാരം ഏകദേശം 270.31 കോടി രൂപയുടെ ക്രമക്കേടുകൾ നടന്നതായി 2001–2002 വരെയുള്ള പെർഫോമൻസ് ആഡിറ്റിൽ കണ്ടെത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പെർഫോമൻസ് ആഡിറ്റു അപ്-റ്റു-ഡേറ്റാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അഡ്വാൻസ് കൈപ്പറ്റിയശേഷം പണിചെയ്യാത്ത കൺവീനർമാരിൽനിന്നും തുക പലിശ സഹിതം തിരിച്ചുപിടിക്കുന്നതിന്റെ ഭാഗമായി 74.45 കോടി രൂപയുടെ റവന്യൂ റിക്കവറി അടക്കമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട വകുപ്പു തലവൻമാർക്ക് നിർദ്ദേശം നൽകിയതിന്റെ ഫലമായി അനേകം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും നിർവഹണ ഉദ്യോഗസ്ഥർക്കുമെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ജനപ്രതിനിധികളും ഉദ്യോഗസ്ഥൻമാരും ഉൾപ്പെട്ട പല കേസ്സുകളും വിജിലൻസിനും ഓംബുഡ്സ്മാനും കൈമാറിയിട്ടുണ്ട്. വിവിധ കാരണങ്ങളാൽ 20.95 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ പരാജയപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്. ഇതിനുത്തരവാദികളായവർക്കെതിരെ

തക്കതായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ചെലവഴിക്കാൻ കഴിയാത്ത തുക അടുത്ത സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ വർക്കായി ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ അധികാരവികേന്ദ്രീകരണമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുതകുന്ന പെർഫോമൻസ് ആഡിറ്റ് ഓഫീസറുടെ നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പാക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. 25,000 രൂപയിൽ താഴെയുള്ള വർക്കുകൾക്കു മാത്രമേ നോമിനി സംപ്രദായം പാടുള്ളൂവെന്നും 25,000 രൂപയിൽ കൂടുതൽ വരുന്നവ പത്രത്തിൽ പരസ്യപ്പെടുത്തി ടെണ്ടർ ചെയ്ത് മാത്രമേ ചെയ്യാവൂയെന്നും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് പ്രത്യേക എഞ്ചിനീയറിംഗ് വിഭാഗവുമുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിൽ പഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് എല്ലാവിധ സ്വാതന്ത്ര്യവും അധികാരവും നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിൽ കാലതാമസം വരുത്തുന്ന ഏജൻസികൾക്ക് തുടർന്നു പദ്ധതികൾ നൽകരുതെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് കേരള വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷനും പോബ്സൺ കമ്പനിയുമായി ഉണ്ടാക്കിയ കരാറുപ്രകാരം ബി.ഒ.ടി. അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന വിളപ്പിൽശാല ചവർ സംസ്കരണശാലയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ് ഈ വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കായി 1006.75 കോടി രൂപ മൂന്നു ഗഡുക്കളായി വിതരണം ചെയ്തിട്ടുണ്ട്. കേരള ഇലക്ട്രിസിറ്റി ബോർഡ്, വാട്ടർ അതോറിറ്റി, ഹൗസിംഗ് ബോർഡ് എന്നിവയുടെ പഞ്ചായത്തുകളിൽ ഡെപ്പോസിറ്റ് ചെയ്ത വർക്കുകൾ മാർച്ച് 31-നുള്ളിൽ പൂർത്തിയാക്കാനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഇതു സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥൻമാരുമായി ചർച്ച നടത്തി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികൾ കേരള വികസന പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ടെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(മുത്തങ്ങയിലെ കൂട്ടക്കൊലയിൽ പ്രതിഷേധിച്ച് ചോദ്യകർത്താക്കൾ 238-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യം ഉന്നയിച്ചില്ല.)

60 (*239) തമിഴ്നാടുമായി ഉണ്ടാക്കിയിട്ടുള്ള ജലകരാറുകൾ

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി) നൽകിയ മറുപടിയിൽ, 1886-ൽ പെരിയാർ

പാട്ടക്കരാർ, 1958 മുതൽ മുൻകാല പ്രാബല്യത്തോടെ 1970-ൽ ഒപ്പുവച്ച പറമ്പിക്കുളം ആളിയാർ കരാർ, 1973-ലെ ശിരുവാണി കുടിവെള്ള കരാർ എന്നിവയാണ് കേരളവും തമിഴ്നാടും തമ്മിൽ ഉണ്ടാക്കിയിട്ടുള്ള നദീജല കരാറുകളെന്ന് സഭയെ അറിയിച്ചു. ചാലക്കുടി നദീതടത്തിൽനിന്നും 12.3 റ്റി.എം.സി. അടി ജലം പ്രതിവർഷം കേരള ഷോളയാർ പവർ ഹൗസിലും ചിറ്റൂർപ്പുഴ പ്രദേശത്തെ കൃഷിക്കായി 7.25 റ്റി.എം.സി. ജലം (ഉപയോഗിക്കാത്ത പ്രളയജലം കൂടാതെ) മണക്കടവ് വിയറിലും പറമ്പിക്കുളം-തുണക്കടവ്, പെരുവാരിപ്പള്ളം എന്നീ ജലസംഭരണികളിലും ലോവർ നീരാർ ഡാമിന്റെ വൃഷ്ടി പ്രദേശത്തും ലഭിക്കുന്ന ജലത്തിൽ തമിഴ്നാടിന് അവകാശപ്പെട്ട 16.5 റ്റി.എം.സി. അടിക്ക് മുകളിൽ വരുന്ന ജലത്തിൽ 2.5 റ്റി.എം.സി. അടി ജലം കേരളത്തിലെ ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനും 19 റ്റി.എം.സി. അടിക്ക് മുകളിലുള്ള അധികജലം ചാലക്കുടി നദീതടത്തിലും പെരിയാർ നദീതടത്തിലെ നീരാർ വിയറിൽ നിന്നുള്ള ജലം ഒക്ടോബർ ഒന്നു മുതൽ ജനുവരി 31 വരെ 1.4 റ്റി.എം.സി. അടി ജലം കേരളത്തിലേയ്ക്ക് തുറന്നു വിടാനും വ്യവസ്ഥയുണ്ട്. തമിഴ്നാട്ടിൽനിന്നും കേരളത്തിന് കൃത്യമായി ജലം കിട്ടുന്നുണ്ടോയെന്ന് ഉറപ്പു വരുത്തുന്നതിന് സംവിധാനങ്ങളുണ്ട്. കേരളത്തിന് ജലം ലഭ്യമാക്കേണ്ട സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഗേജിംഗ് സ്റ്റേഷനുകളിൽ ഇരു സംസ്ഥാനങ്ങളിലേയും ഉദ്യോഗസ്ഥർ സംയുക്തമായി അളവെടുത്ത് കേരളത്തിന് ലഭിക്കേണ്ട ജലത്തിന്റെ കണക്ക് തിട്ടപ്പെടുത്തി ലയ്സൺ ഉദ്യോഗസ്ഥർ പരിശോധിച്ച് റിപ്പോർട്ടുകൾ സംയുക്ത ജല നിയന്ത്രണ ബോർഡിൽ ചർച്ച ചെയ്ത് അംഗീകരിക്കാറുണ്ട്. കേരളത്തിൽ ധാരാളം ജലമുണ്ടെന്നുള്ള ധാരണയിൽ കേരള ഗവൺമെന്റ് ഉദാരമായ നിലപാട് സ്വീകരിച്ചതിന്റെ ഫലമായി മിക്ക നദീജല കരാറുകളും തമിഴ്നാടിന് അനുകൂലമാണ്. ഇവ പുനഃപരിശോധിക്കാനാവാത്ത സാഹചര്യമാണ്. പറമ്പിക്കുളം ആളിയാർ നദീജല

കരാറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായിട്ടുള്ള പ്രവർത്തനങ്ങൾ അപ്പപ്പോൾ തമിഴ്നാട് ഗവൺമെന്റിനെ അറിയിക്കാറുണ്ട്. അതു സംബന്ധിച്ച് കേരളത്തിലെ ടെക്നിക്കൽ ടീം പരിശോധിച്ച് പരിഹാരമുണ്ടാക്കാനുള്ള ശ്രമങ്ങൾ നടക്കുന്നു. അയൽ സംസ്ഥാനങ്ങളെന്ന നിലയിൽ പ്രശ്നങ്ങൾ ചർച്ചകളിൽക്കൂടി പരിഹരിക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. തമിഴ്നാട്ടിലെ മൂന്നു മന്ത്രിമാരും ജല വിഭവ വകുപ്പു മന്ത്രിയും ധനകാര്യ വകുപ്പുമായി തിരുവനന്തപുരത്തുവച്ചു നടന്ന പറമ്പിക്കുളം ആളിയാർ നദീജല ചർച്ചയിൽ മുക്കാലിയിൽ രണ്ടു മീറ്റർ ഉയരവും 60 അടി വീതിയുമുള്ള ഒരു ചെറിയ തടയണ മാത്രമാണ് കെട്ടുന്നതെന്ന് അവരെ ബോദ്ധ്യപ്പെടുത്താനും ഭവാനിപ്പുഴയുടെ ഗതി മാറ്റി ഭാരതപ്പുഴയിലേയ്ക്ക് കൊണ്ടുപോകാനാണ് കേരള ഗവൺമെന്റ് ശ്രമിക്കുന്നതെന്ന തമിഴ്നാട് ഗവൺമെന്റിന്റെ തെറ്റിദ്ധാരണ മാറ്റാൻ സാധിച്ചിട്ടുണ്ടെന്നും ഒരു ഉപചോദ്യത്തിന് മറുപടിയായി ജലവിഭവവകുപ്പു മന്ത്രി വ്യക്തമാക്കി. ചെന്നൈയിൽ വച്ചു നടന്ന അന്തർ സംസ്ഥാന മന്ത്രിതല ചർച്ചയിൽ പറമ്പിക്കുളം ആളിയാർ കരാർ പുനരവലോകന ചർച്ചയ്ക്കായി രൂപീകരിച്ച ഇരു സംസ്ഥാനങ്ങളിലേയും മൂന്നു ഉദ്യോഗസ്ഥരടങ്ങുന്ന ടെക്നിക്കൽ കമ്മിറ്റി പുനരവലോകന സമയത്ത് ചർച്ച ചെയ്യേണ്ട വിഷയങ്ങളെക്കുറിച്ചും കൂടാതെ കരാർ ലംഘനത്തെക്കുറിച്ചും ചർച്ച ചെയ്യാൻ തീരുമാനമെടുത്തിട്ടുണ്ട്. ചിറ്റൂർ, മലമ്പുഴ പ്രദേശങ്ങളിലെ ജനങ്ങൾക്ക് വളരെയധികം പ്രയാസങ്ങളുണ്ട്. എങ്കിലും ചിറ്റൂർ പ്രദേശത്തെ പ്രശ്നങ്ങൾക്ക് ചെറിയ തോതിൽ പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരളമൊഴികെയുള്ള മറ്റു സംസ്ഥാനങ്ങളെല്ലാംതന്നെ അവരുടെ നദീജല സംരക്ഷണത്തിനായി കോടിക്കണക്കിനു രൂപ ചെലവഴിക്കുന്നുണ്ട്. നമ്മുടെ സംസ്ഥാന-അന്തർ സംസ്ഥാന നദീജല തർക്കങ്ങൾ പരിഹരിക്കാൻ അതീവ ജാഗ്രത പുലർത്തേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ നദീജല പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഡൽഹിയിൽ ഇപ്പോഴുള്ള വിംഗിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. കാവേരി നദിയിൽ നിന്ന് കേരളം തമിഴ്നാടിന് 147 റ്റി.എം.സി ജലം കൊടുക്കുമ്പോൾ നമുക്ക് ഒരു തുള്ളി വെള്ളംപോലും കിട്ടുന്നില്ല. ഇതു സംബന്ധിച്ച് ട്രൈബ്യൂണൽ മുമ്പാകെ കേരള ഗവൺമെന്റ് ശക്തമായി വാദിച്ചുകൊണ്ടിരിക്കുയാണ്. അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങളെക്കുറിച്ച് ഒട്ടുംവൈകാതെതന്നെ അഖിലകക്ഷി യോഗം വിളിച്ചുകൂട്ടി ചർച്ച ചെയ്ത് അഭിപ്രായ സമന്വയമുണ്ടാക്കാൻ

തീരുമാനിച്ചിട്ടുണ്ടെന്നും കേരളത്തിന്റെ താൽപര്യങ്ങൾ ബലികഴിച്ചുകൊണ്ടുള്ള ഒരു നടപടിക്കും ഗവൺമെന്റ് കൂട്ടുനിൽക്കില്ലെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി
വ്യക്തമാക്കി.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

61 (*243) നഗരങ്ങളെ സംബന്ധിക്കുന്ന മാസ്റ്റർപ്ലാനുകൾ

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ഇരുപതു വർഷത്തെ വികസനം മുന്നിൽ കണ്ടുകൊണ്ട് തിരുവനന്തപുരം, നെയ്യാറ്റിൻകര, കൊല്ലം, കോട്ടയം, ചങ്ങനാശ്ശേരി, കൊച്ചി, തൃപ്പൂണിത്തുറ, കളമശ്ശേരി, തൃശൂർ, ഗുരുവായൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വടകര, തലശ്ശേരി, ആലപ്പുഴ, കായംകുളം, പത്തനംതിട്ട, പാലാ, പെരുമ്പാവൂർ, പുനലൂർ, അങ്കമാലി, ആലുവ, പറവൂർ നോർത്ത്, മൂവാറ്റുപുഴ, തൊടുപുഴ, കൊടുങ്ങല്ലൂർ, ഷൊർണ്ണൂർ, കണ്ണൂർ, കാസർകോട് എന്നീ നഗരങ്ങൾക്ക് തയ്യാറാക്കിയ സംബന്ധിക്കുന്ന മാസ്റ്റർ പ്ലാനുകൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിച്ചു. നവീകരണത്തിന്റെ ആവശ്യമനുസരിച്ച് മുൻഗണനാക്രമത്തിൽ പ്ലാനുകൾ പുനരാവിഷ്കരിക്കുന്നതിനുള്ള നടപടികൾ നഗര ഗ്രാമാസൂത്രണ വകുപ്പ് നടത്തിവരുന്നു.

62 (*247) ഗ്രാമവികസനത്തിനായുള്ള വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ

ഗ്രാമവികസന വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ഗ്രാമ വികസനത്തിനുള്ള വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നതിനായി 2002–2003–ൽ (2003 ജനുവരി 31 വരെ) സംസ്ഥാന സർക്കാരിന് അനുവദിച്ച 8053.60 ലക്ഷം രൂപയിൽ 5076.37 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ടെന്നറിയിച്ചു. വിശദവിവരം താഴെ പറയുന്നു:

| | അനുവദിച്ച തുക | ചെലവായ തുക |
|---|---|---|
| | (രൂപ ലക്ഷത്തിൽ) | |
| എസ്.ജി.എസ്.വൈ. | 1225.24 | 749.49 |

| | | |
|---|---|---|
| ഐ.എ.വൈ. | 2384.12 | 1964.46 |
| എസ്.ജി.ആർ.വൈ. | 3758.55 | 2241.61 |
| ഡി.ആർ.ഡി.എ. (അഡ്മിനിസ്ട്രേഷൻ) | 338.57 | 35.49 |
| എസ്.ഐ.ആർ.ഡി. | 37.52 | 37.52 |
| ഐ.ഡബ്ള്യൂ.ഡി. | 57.60 | 34.75 |
| എസ്.ജി.എസ്.വൈ.പ്രത്യേക പദ്ധതി (ആലപ്പുഴ) | 252.00 | 13.05 |

63 (*250) പ്ലാസ്റ്റിക് ഉപയോഗത്തിന് നിയന്ത്രണം

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് ഗുരുതരമായ പരിസ്ഥിതി മലിനീകരണം ഉണ്ടാക്കുന്ന പ്ലാസ്റ്റിക് ഉപയോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിച്ചു. കേന്ദ്ര പരിസ്ഥിതി-വന മന്ത്രാലയം 1999 സെപ്റ്റംബറിൽ വിജ്ഞാപനം ചെയ്ത റീസൈക്കിൾഡ് പ്ലാസ്റ്റിക്സ് മാനുഫാക്ചർ ആന്റ് യൂസേജ് റൂൾസ് അനുസരിച്ച് 20 മൈക്രോണിൽ കുറവ് കനമുള്ള (തനതായതും പുനരുപയോഗം ചെയ്തതുമായ പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള) പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിർമ്മാണവും ഉപയോഗവും രാജ്യവ്യാപകമായി നിരോധിക്കപ്പെട്ടിരിക്കുന്നു. പുനരുപയോഗം ചെയ്ത പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള പ്ലാസ്റ്റിക് സഞ്ചികളിലും പാത്രങ്ങളിലും ആഹാരസാധനങ്ങൾ കൈകാര്യം ചെയ്യുന്നതും നിരോധിച്ചിട്ടുണ്ട്. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 2002 സെപ്റ്റംബർ 24-ാം തീയതി ഇറക്കിയ വിജ്ഞാപന പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളും പ്ലാസ്റ്റിക് ഷീറ്റുകളും അലങ്കാര പ്രദർശനാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് നിരോധിച്ചിട്ടുണ്ട്.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

73 (1349) <u>പി.എസ്.സി. ഫാറങ്ങളുടെ അച്ചടി</u>

പി.എസ്.സി. യുടെ അപേക്ഷാഫാറങ്ങൾ അച്ചടിക്കുന്നതിന് എസ്.പി.എസ്. ഇന്റർനാഷണൽ ലിമിറ്റഡ്, ന്യൂഡൽഹി, ഹൈടെക്ക് പ്രിന്റ് സിസ്റ്റംസ് ലിമിറ്റഡ്, ഹൈദ്രാബാദ് എന്നീ സ്ഥാപനങ്ങൾക്ക് കരാർ നൽകിയിട്ടുണ്ട്.

74 (1391) <u>സ്ത്രീപീഡന കേസുകൾ</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (2003 ജനുവരി 31 വരെ) 8772 സ്ത്രീപീഡന കേസുകൾ ഉണ്ടായിട്ടുള്ളതിൽ 6236 കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിക്ക് കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

75 (1406) <u>പട്ടികജാതി/പട്ടികവർഗ്ഗ പീഡനങ്ങൾ</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (2003 ജനുവരി 31 വരെ) സംസ്ഥാനത്ത് 813 പട്ടികജാതി/പട്ടികവർഗ്ഗ പീഡനകേസുകളും 102 ആദിവാസി പീഡനകേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

76(1509) <u>തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)യുടെ പ്രവർത്തനം</u>

വാണിജ്യ കേന്ദ്രങ്ങൾ നിർമ്മിക്കുക, വിനോദസഞ്ചാര പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുക, തലസ്ഥാന നഗരിയുമായി ബന്ധപ്പെട്ട ജംഗ്ഷനുകളുടെ വികസനം നടപ്പിലാക്കുക, തലസ്ഥാന നഗരപ്രദേശത്തിന്റെ മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള റോഡു വികസനം നടപ്പിലാക്കുക എന്നിവയാണ് ട്രിഡയുടെ പ്രധാന പ്രവർത്തനങ്ങൾ.

77 (1513) <u>അർബൻ റിഫോംസ് ഇൻസെന്റീവ് ഫണ്ട്</u>

2002-2003-ലെ കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിച്ച അർബൻ റിഫോംസ് ഇൻസെന്റീവ് ഫണ്ടിൽ ആകെ 500 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ കേരളത്തിന് 14.5 കോടി രൂപയാണ് ലഭിക്കുന്നത്. പാർപ്പിട നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കൽ, നഗരസഭകളുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങൾക്കാണ് പ്രസ്തുത തുക നൽകുന്നത്.

78 (1524) ഭക്ഷണപാനീയങ്ങളുടേയും പഴങ്ങളുടേയും ഗുണനിലവാര പരിശോധന

1954–ലെ കേന്ദ്ര ഭക്ഷ്യ മായം ചേർക്കൽ നിരോധന നിയമപ്രകാരവും 1955–ലെ കേന്ദ്ര ഭക്ഷ്യ മായം ചേർക്കൽ നിരോധന ചട്ടങ്ങളും അനുസരിച്ച് സംസ്ഥാനത്തെ റെസ്റ്റോറന്റുകളിലും ബേക്കറികളിലും വിതരണം ചെയ്യുന്ന ഭക്ഷണപാനീയങ്ങളുടേയും പഴങ്ങളുടേയും ഗുണനിലവാരം ഫുഡ് ഇൻസ്പെക്ടർമാരും ചീഫ് ഫുഡ് ഇൻസ്പെക്ടർമാരും പരിശോധന നടത്തി നിയമാനുസൃതം സാമ്പിളുകൾ ശേഖരിച്ച് പബ്ലിക് അനലിസ്റ്റ് ലാബുകളിൽ അയച്ചുവരുന്നു. മായം ചേർന്നതായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

79 (1529) പൾസ് പോളിയോ പ്രതിരോധ പരിപാടി

2002–2003 വരെ പൾസ് പോളിയോ പ്രതിരോധ പരിപാടിയുടെ എട്ട് ഘട്ടങ്ങൾ കഴിഞ്ഞു.

80 (1574) ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം

ദാരിദ്ര്യരേഖാ സെൻസസ് നടത്തുന്നതിന് കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കുടുംബത്തിന്റെ ജീവിത നിലവാരത്തെ സൂചിപ്പിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ 13 സൂചകങ്ങളിലായി ലഭിക്കുന്ന സ്കോറിന്റെ അടിസ്ഥാനത്തിലാണ് ദരിദ്ര കുടുംബങ്ങളെ നിർണ്ണയിക്കേണ്ടത്. ഓരോ സൂചകത്തിൻമേലും 0, 1,. 2, 3, 4 എന്നിങ്ങനെ അഞ്ച് സ്കോറുകൾ നൽകുന്നതിന് വ്യവസ്ഥയുണ്ട്. കുടുംബത്തിന്റെ സ്ഥിതിയനുസരിച്ച് ഓരോ സൂചകത്തിൻമേലും ഏറ്റവും അനുയോജ്യമായ സ്കോർ നൽകേണ്ടതാണ്. ഓരോ കുടുംബത്തിനും 13 സൂചകങ്ങളിലായി ലഭിക്കുന്ന ആകെ സ്കോർ കണക്കാക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ ഓരോ കുടുംബത്തിന്റെയും സ്ഥാനം ആരോഹണക്രമത്തിൽ നിശ്ചയിക്കേണ്ടതുമാണ്.

...........